| 02–01–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**'മധുരമായ കുട്ടികളേ – ദേഹീ അഭിമാനിയാകുകയാണെങ്കിൽ വികൽപം സമാപ്തമാകും, ഏതൊരു കാര്യത്തിലും ഭയമുണ്ടാകില്ല, നിങ്ങൾ ആധിയിൽ നിന്ന് മുക്തമായിതീരും."**

ചോദ്യം–പുതിയ വൃക്ഷത്തിന്റെ വൃദ്ധി ഏത് രീതിയിലുണ്ടാകുന്നു, എന്ത് കൊണ്ട് ?
ഉത്തരം–പുതിയ വൃക്ഷത്തിന്റെ വൃദ്ധി വളരെ പതുക്കെ പതുക്കെ (പേനിന്) സമാനമായിരിക്കും. ഡ്രാമ പേനിനേ പോലെ നടക്കുന്നു, അതേ പോലെ ഡ്രാമയനുസരിച്ച് വൃക്ഷവും പതുക്കെ പതുക്കെ വൃദ്ധി പ്രാപിക്കുന്നു കാരണം ഇതിൽ മായയുടെ ശക്തിയും വളരെ ചെയ്യുന്നുണ്ട്. കുട്ടികൾക്ക് ദേഹി അഭിമാനിയാകുന്നതിന് വളരെ പരിശ്രമിക്കേണ്ടി വരുന്നു. ദേഹി അഭിമാനിയാകുകയാണെങ്കിൽ വളരെ സന്തോഷം അനുഭവപ്പെടും. സേവനത്തിലും വൃദ്ധിയുണ്ടാകും. ബാബയേയും സമ്പത്തിനേയും ഓർമ്മിക്കുകയാണെങ്കിൽ തോണി മറുകരയെത്തും.

ഓംശാന്തി. ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസിലാക്കി തരുന്നു. ആത്മീയ അച്ഛനും അകാലമൂർത്തിയാണ്. പരമപിതാ പരമാത്മാവിനേയാണ് ആത്മീയ അച്ഛൻ എന്ന് പറയുന്നത്. നിങ്ങൾ കുട്ടികളും അകാലമൂർത്തിയാണ്. നിങ്ങൾക്ക് സിക്കുകാർക്കും വളരെ നല്ല രീതിയിൽ മനസിലാക്കി കൊടുക്കാൻ സാധിക്കും. ഏത് ധർമ്മത്തിൽ പെട്ടവർക്കും മനസിലാക്കി കൊടുക്കാൻ സാധിക്കും. ഈ വൃക്ഷം പതുക്കെ പതുക്കെ വളർന്ന് കൊണ്ടിരിക്കുന്നു എന്നും ബാബ മനസിലാക്കി തരുന്നു. ഏത് പോലെ ഡ്രാമ പേനിനെ പോലെ നടക്കുന്നത് പോലെ വൃക്ഷവും പേനിനേ പോലെ വളരുന്നു. വളർച്ചക്ക് മുഴുവൻ കൽപ്പവും എടുക്കുന്നു. ഇപ്പോൾ നിങ്ങളുടേത് പുതിയ വൃക്ഷമാണ്, നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് കൽപ്പത്തിന്റെ ആയുസ്സ് ഉണ്ടാകുന്നത്. 5000 വർഷമായി നിങ്ങൾ ചക്രം കറക്കുന്നു, പേനിനേ പോലേയാണ് ഈ ചക്രം ചലിക്കുന്നത്. ഏറ്റവും ആദ്യം ആത്മാവിനേ മനസിലാക്കണം. ഇത് തന്നേയാണ് പ്രയാസമുള്ള കാര്യം. ബാബയ്ക്കറിയാം ഡ്രാമയനുസരിച്ച് പതുക്കെ പതുക്കെയാണ് വൃക്ഷം വളരുന്നത് എന്ന് കാരണം മായയുടെ നേരിടൽ ഉണ്ടാകുന്നു, ഈ സമയം മായയുടെ രാജ്യമാണ് പിന്നീട് രാവണൻ ഉണ്ടാകുന്നില്ല. നിങ്ങൾ കുട്ടികൾ ആദ്യം ദേഹി അഭിമാനിയാകണം. ദേഹി അഭിമാനി കുട്ടികൾ വളരെ നന്നായി സേവനം ചെയ്യും, വളരെ സന്തോഷത്തിലിരിക്കുകയും ചെയ്യും. ബുദ്ധിയിൽ വ്യർത്ഥ വികൽപ്പങ്ങൾ വരില്ല. നിങ്ങൾ മായയേ ജയിക്കുകയാണെങ്കിൽ പിന്നീട് നിങ്ങളെ ആർക്കും ഇളക്കാൻ സാധിക്കില്ല. അംഗദന്റെ ഉദാഹരണം കാണിക്കാറില്ലേ, അതിനാലാണ് നിങ്ങൾക്ക് മഹാവീരൻ എന്ന് പേര് വെച്ചിരിക്കുന്നത്. ഇപ്പോൾ മഹാവീരനായി ഒരാൾ പോലും ഇല്ല. അന്തിമത്തിൽ സംഖ്യാക്രമത്തിൽ മഹാവീരനാകും. നല്ല രീതിയിൽ സേവനം ചെയ്യുന്നവരെ മഹാവീരന്റെ വരിയിൽ നിർത്തും. ഇപ്പോൾ വീരനാണ്, അന്തിമത്തിൽ മഹാവീരനാകും. അൽപ്പം പോലും യാതൊരു സംശവും ഉണ്ടാകേണ്ടതില്ല. ചിലർക്ക് നല്ല അഹംങ്കാരമുണ്ട്. ആരേ കുറിച്ചും ചിന്തിക്കില്ല. വളരെ വിനയത്തോടെ ആർക്കെങ്കിലും മനസിലാക്കി കൊടുക്കണം.അമൃതസറിൽ സിക്കുകാർക്കും നിങ്ങൾ സേവനം ചെയ്യാം. എല്ലാവർക്കും ഒരേ സന്ദേശമാണ് നൽകുന്നത്. ബാബയേ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ ആത്മാവിന്റെ കറ ഇല്ലാതാകും.അവർ സാഹേബിനേ ജപിക്കൂ..... എന്ന് പറയാറുണ്ട് സാഹിബിനും മഹിമയുണ്ട്. ഒരു ഓംകാരം സത്യമായ നാമം, അകാലമൂർത്തി. ഇപ്പോൾ ആരാണ് അകാലമൂർത്തി. സത്ഗുരു അകാൽ എന്ന് പറയാറുണ്ട്. ആത്മാവല്ലേ അകാലമൂർത്തി. ആത്മവിനെ ഒരിക്കലും കാലന് ഭക്ഷിക്കാൻ സാധിക്കില്ല. ആത്മാവിന് പാർട്ട് ലഭിച്ചിട്ടുണ്ട്, എങ്കിൽ പാർട്ട് ആഭിനയിക്കുകയും വേണം. ആത്മാവിനേ എങ്ങിനെ ഭക്ഷിക്കാൻ സാധിക്കും. ശരീരത്തെ ഭക്ഷിക്കാൻ സാധിക്കും. ആത്മാവ് അകാല മൂർത്തിയാണ്. നിങ്ങൾക്ക് സിക്കുകാരുടെ അടുക്കൽ പോയി സംഭാഷണം നടത്താം. ഗീതയുടെ പ്രഭാഷണം നടത്തുന്ന പോലെ. ഭക്തിമാർഗത്തിൽ ധാരാളം സാമഗ്രികളുണ്ട് എന്ന് നിങ്ങൾക്കിയാം. ജ്ഞാനം അൽപ്പം പോലും ഇല്ല. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്. മനുഷ്യരെ ജ്ഞാനവാൻ എന്ന് പറയില്ല. ദേവതമാരും മനുഷ്യരല്ലേ. എന്നാൽ ദേവത ഗുണങ്ങളാണ് അതിനാൽ ദേവത എന്ന് പറയുന്നു. അവർക്കും ബാബയിൽ നിന്ന് തന്നേയാണ് സമ്പത്ത് ലഭിച്ചിരുന്നത്. നിങ്ങളും ഈ രാജയോഗത്തിലൂടെ വിശ്വത്തിന്റെ അധികാരിയാകുന്നു. സത്ഗുരു അകാലം എന്ന് പറയാറില്ലേ. ആ ഒരേയൊരു ബാബയാണ് സത്യം. ആ ബാബ തന്നേയാണ് പതിത പാവനൻ. രണ്ട് ബാബയുടേയും പരിചയം നൽകണം. നിങ്ങൾക്ക് സംസാരിക്കാൻ രണ്ട് മിനിറ്റ് ലഭിച്ചാൽ തന്നേ ധാരാളമാണ്. ഒരു മിനിറ്റോ, ഒരു സെക്കന്റോ ലഭിച്ചാൽ തന്നെ ധാരാളമാണ്. ആരായാണോ കൽപ്പം മുമ്പ് അമ്പ് തറച്ചത് അവർക്ക് തന്നേയാണ് അമ്പ് തറക്കുക, വലിയ കാര്യമൊന്നുമല്ല. സന്ദേശം നൽകുക മാത്രം. ബാബ മനസിലാക്കി തരുന്നു – ഗുരുനാനാക്ക് വന്നിട്ടുണ്ട് എന്ന് മനസിലാക്കൂ എന്നാൽ നിങ്ങൾക്ക്

വീട്ടിൽ പോകണം എന്ന സന്ദേശം നൽകിയിട്ടില്ല, അതിന് വേണ്ടി പവിത്രമാകൂ. അവർ പവിത്ര ആത്മാക്കളാണ്,മുകളിൽ നിന്ന് വരുന്നു. അവരുടെ ധർമ്മത്തിന്റെ വൃദ്ധി ഉണ്ടായി കൊണ്ടിരിക്കുന്നു, വന്ന് കൊണ്ടിരിക്കുന്നു. വാസ്തവത്തിൽ സത്ഗതി ദാതാവ് ഒരു മനുഷ്യരും അല്ല. സത്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. മനുഷ്യൻ മനുഷ്യൻ തന്നേയാണ് പിന്നെ ഇന്ന ധർമ്മത്തിന്റെ ആൾ എന്ന് മനസിലാക്കുന്നു. ബാബ മനസിലാക്കി തരുന്നു നിങ്ങൾ സ്വയം ആത്മാവ് എന്ന് മനസിലാക്കൂ, പവിത്രമാകൂ, മുഷിഞ്ഞ് ജീർണിച്ച വസ്ത്രം കഴുകി.......എന്ന് ഗുരുനാനാക്ക് പറഞ്ഞിട്ടുണ്ട്, ഇതും അവസാന ശാസ്ത്രങ്ങൾ ഉണ്ടാക്കിയവർ തന്നേയാണ് എഴുതിയത്. ആദ്യം വളരെ കുറവായിരുന്നു. അവർക്കിരുന്ന് എന്ത് കേൾപ്പിക്കാനാണ്. ഈ ജ്ഞാനം തന്നെ ബാബ ഇപ്പോഴാണ് നിങ്ങൾക്ക് നൽകുന്നത്, ശാസ്ത്രങ്ങളെല്ലാം പിന്നീടാണ് ഉണ്ടാക്കിയിരിക്കുന്നത്. സത്യയുഗത്തിൽ ശാസ്ത്രങ്ങൾ ഉണ്ടാകില്ല. ബാബയേ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും എന്ന് ആദ്യം മനസിലാക്കി കൊടുക്കണം. വിനാശം ഉണ്ടാകുക തന്നെ വേണം. സർവ്വവ്യാപീ എന്ന് ആരേയാണ് പറയുന്നത്, ഒരേയൊരു ഓംകാരനാഥൻ.........എന്ന് മഹിമ പാടുന്നത് ആരേയാണ് എന്ന് ചോദിക്കണം, ആ ഓംകാരനാഥൻ തന്നേയാണ് അച്ഛനാകുന്നത്. ആ അച്ഛന്റെ മക്കളായ നമ്മൾ ആത്മാക്കളും അകാലമൂർത്തികളാണ്. നമ്മുടെ സിംഹാസനം ഇതാണ്. നമ്മൾ ഒരു സിംഹാസനമുപേക്ഷിച്ച് വേറൊന്നിൽ ഇരിക്കുന്നു. ഇപ്പോൾ ഇത് പഴയ ലോകമാണ്, എത്ര കലഹങ്ങളാണ്. ഈ പുതിയ ലോകത്ത് ഈ കാര്യങ്ങൾ ഉണ്ടാകുന്നില്ല. അവിടെ ഒരേയൊരു ധർമ്മം മാത്രമാണ്. ബാബ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദവി നൽകുന്നു. നിങ്ങളുടെ മേലെ ആർക്കും കയറാൻ സാധിക്കില്ല. ദ്വാപരം മുതൽ അവരവരുടെ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നതിന് ധർമ്മസ്ഥാപകർ വരുന്നു. അവരുടെ ധർമ്മം വൃദ്ധി പ്രാപിക്കുമ്പോൾ ശക്തിയായി വരുമ്പോൾ യുദ്ധം ആരംഭിക്കുന്നു. മുസ്ലീംങ്ങൾ മുമ്പ് എത്ര കുറവായിരുന്നു. നിങ്ങളുടെ ധർമ്മം ഇവിടെ സ്ഥാപിതമാകുന്നു. അവർ വരുന്നത് ദ്വാപരത്തിലാണ്. ആ സമയത്ത് തന്നേയാണ് ധർമ്മസ്ഥാപനം ഉണ്ടാകുന്നത്. പിന്നെ ഒന്നിന് പിറകേ ഒന്നായി വന്ന് കൊണ്ടിരിക്കും. ഇത് വളരെ മനസിലാക്കേണ്ട കാര്യമാണ്. ചിലർക്ക് ഡ്രാമയനുസരിച്ച് ഒന്നും ധാരണ ചെയ്യാൻ സാധിക്കില്ല. തീർച്ചയായും അവരുടെ പദവി കുറവായിരിക്കും എന്ന് ബാബ മനസിലാക്കി തരുന്നു. ഇത് ഒരു ശാപമൊന്നുമല്ല. മഹാവീരൻമാരുടെ മാലയാണ് ഉണ്ടാകുന്നത്. ഡ്രാമയനുസരിച്ച് എല്ലാവർക്കും ഒരേ പോലെ പുരുഷാർത്ഥം ചെയ്യില്ല. മുൻമ്പും ചെയ്തിട്ടുണ്ടകില്ല. പിന്നെ ഞങ്ങൾക്കെന്ത് ദോഷം എന്ന് ചോദിക്കും. ബാബയും പറയുന്നു നിങ്ങൾക്ക് യാതൊരു ദോഷവും ഇല്ല. ഭാഗ്യത്തിലില്ല എങ്കിൽ ബാബയ്ക്ക് എന്ത് ചെയ്യാൻ കഴിയും. ആരെല്ലാം എന്തെല്ലാം പദവിയ്ക്ക് യോഗ്യരാണ് എന്ന് മനസിലാക്കുന്നു. സാഹേബിനേ ജപിക്കൂ എങ്കിൽ സുഖശാന്തി ലഭിക്കും എന്ന് സിക്കുകാർക്കും മനസിലാക്കി കൊടുക്കൂ. അവരുടെ ധർമ്മം സ്ഥാപിതമാകുമ്പോൾ അവർക്ക് സുഖം ലഭിക്കും. ഇപ്പോൾ എല്ലാവരും താഴേ വരിക തന്നെ വേണം. നിങ്ങൾ സത്ഗുരു അകാൽ..........എന്ന് അംഗീകരിക്കുന്നു, എങ്കിൽ ഗുരു എന്ന് ആരേയാണ് പറയുന്നത്. സത്ഗതി നൽകുന്ന ഗുരു ഒന്ന് മാത്രമേയുള്ളൂ. ഭക്തി പഠിപ്പിക്കുന്നതിന് അനേകം ഗുരുക്കന്മാരേ ആവശ്യമുണ്ട്. ജ്ഞാനം പഠിപ്പിക്കുന്നത് ഒരേയൊരു ബാബയാണ്. നിങ്ങൾ ധരിച്ചിരിക്കുന്ന ഈ വളകൾ പവിത്രതയുടെ അടയാളമാണ് എന്ന് നിങ്ങൾ മാതാക്കൾ അവർക്ക് മനസിലാക്കി കൊടുക്കൂ. നിങ്ങൾ മാതാക്കൾ തന്നേയാണ് സ്വർഗത്തിന്റെ വാതിൽ തുറക്കുന്നവർ എന്നത് കൊണ്ട് നിങ്ങളെ അവർ ബഹുമാനിക്കും. നിങ്ങൾ മാതാക്കൾക്ക് ഇപ്പോൾ ജ്ഞാനകലശം ലഭിച്ചിരിക്കുന്നു അതിലൂടെ എല്ലാവർക്കും സത്ഗതി ഉണ്ടാകുന്നു.

നിങ്ങൾ കുട്ടികൾ ഇപ്പോൾ സ്വയം മഹാവീരർ എന്ന് പറയുന്നു. ഞങ്ങൾ ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് സ്വർഗത്തിന്റെ സ്ഥാപന ചെയ്ത് കൊണ്ടിരിക്കുന്നു എന്ന് നിങ്ങൾക്ക് പറയാം. രാവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. ഈ ജടയും പവിത്രതയുടെ അടയാളമാണ്. അകാലമൂർത്തിയും പതിത പാവനനുമായ ബാബയുടെ മഹിമ പൂർത്തിയാക്കണം. ഋഷിമുനിമാർ പരമാത്മാ നമ: എന്ന് പറയുന്നു പിന്നെ സർവ്വവ്യാപീ എന്നും പറയുന്നു.ഇത് തെറ്റാണ്. നിങ്ങൾ ബാബയുടെ മഹിമ നന്നായി ചെയ്യൂ. ബാബയുടെ മഹിമയിലൂടെ നിങ്ങൾ സമ്പന്നമാകുന്നു. രാമ രാമ എന്ന് പറയുന്നതിലൂടെ തീരത്തണയും എന്ന് കഥയുള്ളത് പോലെ. ബാബയും പറയുന്നു ബാബയേ ഓർമ്മിക്കുന്നതിലൂടെ വിഷയസാഗരത്തിൽ നിന്ന് മറുകരയെത്തും എന്ന്. നിങ്ങൾക്കെല്ലാവർക്കും മുക്തിയിൽ പോകുക തന്നെ വേണം. നിങ്ങൾ അമൃതസറിൽ പോയി പ്രഭാഷണം നടത്തൂ –നിങ്ങൾ സത്ഗുരു അകാല മൂർത്തി........... എന്ന് വിളിക്കുന്നു എന്നാൽ ആ അകാലമൂർത്തി ഇപ്പോൾ പറയുന്നു ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും മറന്ന് സ്വയം ആത്മാവെന്ന് മനസിലാക്കൂ. ബാബയേ ഓർമ്മിക്കുകയാണെങ്കിൽ പാപം ഭസ്മമാകും. അന്ത്മതി സോഗതിയായി തീരും. ശിവബാബ നിരാകാരനും അകാലമൂർത്തിയും ആണ്. നിങ്ങളാത്മാക്കളും നിരാകാരനാണ്. ബാബ പറയുന്നു എനിക്ക് ശരീരമേ ഇല്ല. ഞാൻ ലോൺ എടുക്കുന്നു.ഞാൻ വരുന്നത് തന്നെ പതിത ലോകത്താണ്– രാവണനെ ജയിക്കുന്നതിന്. ഇവിടെ തന്നേയാണ് നിർദ്ദേശങ്ങൾ നൽകുന്നതും കാരണം പതിതമാകുന്നത്

പഴയ ലോകത്താണ്. പുതിയ ലോകത്ത് ഒരേയൊരു ദേവീ ദേവതാ ധർമ്മമായിരുന്നു, ആ സമയം മറ്റെല്ലാവരും ശാന്തീധാമിലായിരിക്കും. പിന്നെ നമ്പർ ക്രമത്തിൽ സതോ രജോ തമോയിൽ വരുന്നു. ആർക്കാണോ വളരെ സുഖം ലഭിക്കുന്നത് അവർക്ക് ദു:ഖവും വളരെ ലഭിക്കുന്നു.

ബാബയേ ഓർമ്മിക്കുകയാണെങ്കിൽ വീട്ടിലെത്തും എന്ന ബാബയുടെ സന്ദേശം നിങ്ങൾ എല്ലാവർക്കും നൽകണം. വൃക്ഷം പൂർത്തിയാകുമ്പോൾ എല്ലാവർക്കും സത്ഗതിയുണ്ടാകും, എല്ലാവരും വരുന്നു. ഇങ്ങിനെ നിങ്ങളും ആർക്കെങ്കിലും എല്ലാം വളരെ സ്നേഹത്തോടെ പതുക്കെ മനസിലാക്കി കൊടുക്കൂ. നിങ്ങൾ ചിത്രം ഉയർത്തി പിടിക്കേണ്ട കാര്യം പോലും ഇല്ല. വാസ്തവത്തിൽ ചിത്രം പുതിയവർക്ക് വേണ്ടിയാണ്. നിങ്ങൾക്ക് ഏത് ധർമ്മത്തിൽ പെട്ടവർക്കും മനസിലാക്കി കൊടുക്കാൻ സാധിക്കും. എന്നാൽ കുട്ടികൾ അമ്പ് തറപ്പിക്കുന്ന തരത്തിൽ അത്രയും യോഗം ചെയ്യുന്നില്ല. ബാബ ഞങ്ങൾ പരാജയപ്പെടുന്നു എന്ന് പറയുന്നു. മായ പരിപൂർണമായും മുഖം കറുപ്പിക്കുന്നു, ഞങ്ങൾ ദേവതമാരായിരുന്നു എന്ന് പോലും അവർ മനസിലാക്കുന്നില്ല. ഇപ്പോൾ അസുരമാരായി തീർന്നിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു സ്വയം ആത്മാവെന്ന് മനസിലാക്കി ബാബയേ ഓർമ്മിക്കൂ. എല്ലാവർക്കും ബാബയുടെ സന്ദേശം നൽകി കൊണ്ടിരിക്കൂ. ത്രിമൂർത്തീ പരമാത്മാ ശിവൻ പറയുന്നു എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും എന്ന് സിനിമയുടെ സ്ലേഡിലും എഴുതൂ. നിങ്ങൾ മുക്തീ ജീവന്മുക്തി നേടും. സന്ദേശം എല്ലാവർക്കും നൽകേണ്ടേ. സ്ലൈഡുകളും ഉണ്ടാക്കണം. ഇതിൽ വശീകരണമന്ത്രം പോലെയുള്ള മന്മനാഭവ എന്നത് എല്ലാവർക്കും നൽകൂ. ഈ പഠിത്തത്തിന് സമയമെടുക്കില്ല. മുന്നോട്ട് പോകുമ്പോൾ എല്ലാവരും മനസിലാക്കും. യാതൊരു ചിന്തയുടെ കാര്യവും ഇല്ല. ചിന്താരഹിതരാകുക തന്നെ വേണം. മനുഷ്യരേ നോക്കൂ മരണത്തേ എത്ര പേടിക്കുന്നു. ഇവിടെ പേടിക്കേണ്ട കാര്യം തന്നെ ഇല്ല. ഇപ്പോൾ മരണം വരില്ല എന്ന് നിങ്ങൾ പറയും. ഇപ്പോൾ ഞങ്ങൾ എവിടേയാണ് പരീക്ഷ പൂർത്തിയാക്കിയിരിക്കുന്നത്. ഇപ്പോൾ യാത്ര പൂർത്തിയായിട്ടില്ല പിന്നെ എങ്ങനെ ശരീരമുപേക്ഷിക്കും. ഇങ്ങിനെ മധുര മധുരമായ കാര്യങ്ങൾ ബാബയുമായി സംസാരിക്കണം. വളരെ നല്ല ശീലമുണ്ടാകും. ഇവിടെ ചിത്രത്തിന് മുന്നിൽ വന്നിരിക്കൂ. ഞങ്ങൾക്ക് ബാബയിൽ നിന്ന് വിശ്വത്തിന്റെ രാജ്യാധികാരം ലഭിക്കുന്നു എന്ന് നിങ്ങൾക്കറിയാം. എങ്കിൽ ഇങ്ങിനേയുള്ള ബാബയേ വളരെ ഓർമ്മിക്കേണ്ടതില്ലേ. ഓർമ്മിക്കുന്നില്ലെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും. ഞാൻ ഇങ്ങിനെ അകുന്നു എന്ന് ബാബയ്ക്ക് ഓർമ്മ വന്നു. ഞാൻ വീണ്ടും ഇങ്ങിനേ ആയി തീരും എന്ന് മനസ്സിലായപ്പോൾ വളരെ സന്തോഷിക്കുന്നു. കാണുമ്പോൾ തന്നെ ലഹരിയുണ്ടാകുന്നു. നിങ്ങൾക്കും ഇങ്ങിനേ ആകണം. ബാബ ഞങ്ങൾ അങ്ങയേ ഓർമ്മിച്ച് തീർച്ചയായും ഇങ്ങിനേ ആയി തീരും. മറ്റ് ജോലികളൊന്നും ഇല്ലെങ്കിൽ ഇവിടെ ചിത്രത്തിന് മുന്നിൽ വന്നിരിക്കൂ. ബാബയിലൂടെ ഞങ്ങൾക്കീ സമ്പത്ത് ലഭിക്കുന്നു. ഇത് പക്കയാക്കൂ. ഈ യുക്തി ചെറുതൊന്നുമല്ല. എന്നാൽ ഭാഗ്യത്തിൽ ഇല്ലെങ്കിൽ ഓർമ്മിക്കുന്നില്ല. ബാബ പറയുന്നു ഇവിടെ വന്നു എങ്കിൽ നന്നായി അഭ്യസിക്കൂ. എങ്കിൽ എന്തെങ്കിലും ഗ്രഹചാരം ഉണ്ടെങ്കിൽ അത് ഇല്ലാതാകും. പടികളുടെ ചിത്രത്തിൽ ഇങ്ങിനെ ചിന്തിക്കൂ. എന്നാൽ ഭാഗ്യത്തില്ലെങ്കിൽ ശ്രീമതമനുസരിച്ച് നടക്കില്ല. ബാബ വഴി പറയുന്നു മായ മുറിച്ച് മാറ്റുന്നു. ബാബ ധാരാളം യുക്തികൾ പറഞ്ഞ് തരുന്നു. ബബായേയും സമ്പത്തിനേയും ഓർമ്മിച്ച് കൊണ്ടിരിക്കൂ. അതീന്ദ്രിയം സുഖം ഗോപ ഗോപികമാരോട് ചോദിക്കൂ എന്ന് പറയുന്നു, അവർക്ക് ഞങ്ങൾ തീർച്ചയായും ബാബയിൽ നിന്ന് സമ്പത്തെടുക്കും എന്ന നിശ്ചയമുണ്ട്. ബാബ സ്വർഗത്തിന്റെ സ്ഥാപന ചെയ്ത് അതിന്റെ അധികാരിയാക്കുന്നു. ചിത്രവും അങ്ങിനെ ഉണ്ടാക്കി. ബ്രഹ്മാവും വിഷ്ണുവുമായി എന്ത് സംബന്ധമാണെന്ന് നിങ്ങൾ മനസിലാക്കി പറഞ്ഞ് കൊടുക്കൂ. മറ്റാർക്കും അറിയില്ല, ബ്രഹ്മാവിന്റെ ചിത്രം കണ്ട് ആശയകുഴപ്പത്തിലാവുന്നു. തീർച്ചയായും സ്ഥാപനയ്ക്ക് സമയമെടുക്കും, കർമ്മാതീത അവസ്ഥയ്ക്കും സമയമെടുക്കുന്നു. ഇടക്കിടെ മറക്കുന്നു. ഈ ശീലമുണ്ടാക്കണം അന്ധമായഭക്തിയിലുള്ളവരും ചിത്രത്തിന് മുന്നിൽ ഇരിക്കുന്നു – ഞങ്ങൾക്ക് ദർശനമുണ്ടായി. നിങ്ങൾക്കിങ്ങനേയാകണമെങ്കിൽ നിങ്ങൾ ഓർമ്മിക്കണം. ബാഡ്ജ് നിങ്ങളുടെ കൈവശമുണ്ട്. നാരായണന്റെ മൂർത്തിയോട് എനിക്ക് വളരെ സ്നേഹമായിരുന്നു എന്ന് ബാബ തന്റെ ഭക്തിമാർഗത്തിലെ ഉദാഹരണം പറഞ്ഞ് തരുന്നു. അതെല്ലാം ഭക്തിമാർഗത്തിലായിരുന്നു. ഇപ്പോൾ ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ മറ്റൊന്നും ചെയ്യേണ്ടതില്ല. ബാബ പറയുന്നു ഞാൻ അനുസരണ ശീലമുള്ള സേവകനാണ്. ശരി !

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1) നമ്രതയുടെ ഗുണം ധാരണ ചെയ്യണം. അൽപ്പം പോലും അഹങ്കാരത്തിൽ വരരുത്. മായയ്ക്ക് ഇളക്കാൻ പറ്റാത്ത വിധം മഹാവീരനാകണം.

2) എല്ലാവരേയും മന്മനാഭവ എന്ന വശീകരണ മന്ത്രം കേൾപ്പിക്കണം. വളരേ സ്നേഹത്തോടേയും സാവധാനവും എല്ലാവരേയും ജ്ഞാനത്തിന്റെ കാര്യം കേൾപ്പിക്കണം. ബാബയുടെ സന്ദേശം എല്ലാ ധർമ്മത്തിലുള്ളവർക്കും നൽകണം.

## വരദാനം – കർമവും സംബന്ധവും രണ്ടിലും സ്വാർഥഭാവത്തിൽ നിന്ന് മുക്തമായിരിക്കുന്ന ബാപ്സമാനം കർമാതീതമായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളുടെ സേവനമാണ് എല്ലാവരെയും മുക്തമാക്കുന്നതിന്റെ. അപ്പോൾ മറ്റുള്ളവരെ മുക്തമാക്കി സ്വയം ബന്ധനത്തിൽ ബന്ധിക്കപ്പെടരുത്. എപ്പോൾ പരിധിയുള്ള എന്റെ എന്റെ എന്നതിൽ നിന്ന് മുക്തമാകുമോ അപ്പോൾ അവ്യക്തസ്ഥിതിയുടെ അനുഭവം ചെയ്യാൻ കഴിയും. ഏതു കുട്ടികൾ ലൗകികവും അലൗകികവും, കർമവും സംബന്ധവും രണ്ടിലും സ്വാർഥ ഭാവത്തിൽ നിന്ന് മുക്തമാണോ അവർക്കേ ബാപ്സമാനം കർമാതീതസ്ഥിതിയുടെ അനുഭവം ചെയ്യാൻ കഴിയൂ. അപ്പോൾ പരിശോധിക്കൂ ഏതുവരേക്കും കർമങ്ങളുടെ ബന്ധനത്തിൽ നിന്നും വേറിട്ടു? വ്യർഥ സ്വഭാവ സംസ്കാരങ്ങൾക്ക് വശപ്പെടുന്നതിൽ നിന്ന് മുക്തമായി? എപ്പോഴെങ്കിലും എന്തെങ്കിലും മുൻ സ്വഭാവസംസ്കാരങ്ങൾ വശീഭൂതമാക്കുന്നില്ലല്ലോ?

## സ്ലോഗൻ – സമാനവും സമ്പൂർണവുമാകണമെങ്കിൽ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞുചേരൂ

**അവ്യക്തി സൈലൻസിലൂടെ ഡബിൾ ലൈറ്റ് മാലാഖാ സ്ഥിതിയുടെ അനുഭവം ചെയ്യു**

ഇപ്പോൾ തീവ്രപുരുഷാർഥത്തിന്റെ ഇതേ ലക്ഷ്യം വെക്കൂ ഞാൻ ഡബിൾലൈറ്റ് മാലാഖയാണ്, നടക്കുമ്പോഴും കറങ്ങുമ്പോഴും  മാലാഖാസ്വരൂപത്തിന്റെ അനുഭൂതിയെ വർധിപ്പിക്കൂ.ആഴമുള്ള സൈലൻസിലൂടെ അശരീരിയുടെ അഭ്യാസം ചെയ്യൂ. സെക്കൻഡിൽ ഏതു സങ്കൽപത്തെയും സമാപ്തമാക്കുന്നതിന് സംസ്കാര സ്വഭാവങ്ങളിൽ ഡബിൾലൈറ്റ് ആയിരിക്കൂ.